# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2787

17.06.2019-ലെ മറുപടി

## പട്ടിമറ്റം- മനക്കടവ് റോഡിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ കിഴക്കമ്പലം -പട്ടിമറ്റം- മനക്കടവ് റോഡിൽ കിഫ്ബി വഴി നടത്തിവരുന്ന പ്രവൃത്തിയിൽ 5.5 കോടി രൂപ അനുവദിച്ചിരുന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ; | (എ) & (ബി) | പ്രസ്തുത പ്രവർത്തിയുടെ നടപടി ക്രമങ്ങൾ പൂർത്തിയാവാത്തതിനാലാണ് ഇതുവരെയും പൈപ്പുകൾ മാറ്റുന്ന പണികൾ ആരംഭിക്കാൻ സാധിക്കാതെ വന്നത്. കിഫ്ബിയുടെ 26/11/2018 ലെ ജി.ഒ.(എം.എസ്) നം. 444/2018/Fin. അനുസരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ പ്രധാന പ്രവൃത്തികളോടൊപ്പമാണ് പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും ചെയ്യേണ്ടത്. പൊതുമരാമത്ത് വകുപ്പ് നടത്തുന്ന ഈ പ്രവർത്തിക്ക് സാങ്കേതിക അനുമതി നൽകേണ്ടത് പൊതുമരാമത്ത് വകുപ്പ് തന്നെയാണ്. ജല അതോറിറ്റിയുടെ പൈപ്പ് മാറ്റുന്നതിനുള്ള അടങ്കൽ വിവരം പൊതുമരാമത്ത് വകുപ്പിന് കൈമാറിയിരുന്നുവെങ്കിലും എസ്റ്റിമേറ്റ് തുകയായ 5,97,20,000 രൂപ ജല അതോറിറ്റിയിൽ നിക്ഷേപിക്കുകയാണ് ഉണ്ടായത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ജല അതോറിറ്റി അംഗീകാരം നൽകിയിട്ടുള്ളതും നിക്ഷേപിച്ച തുക തിരിച്ചു നൽകാൻ നടപടി സ്വീകരിച്ചു വരികയുമാണ്. |
| (ബി) | ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി, ടെണ്ടർ നടപടികൾ എന്നിവയുടെ പുരോഗതി വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ